25510/2024

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ആഭ്യന്തര വകുപ്പ് - ജയിലുകൾ - സംസ്ഥാനത്തിന്റെ വരുമാന വർദ്ധനവിനുള്ള പദ്ധതി- ജയിൽ വകുപ്പിലെ നോൺ ടാക്സ് റവന്യൂ, ഫീസ് ഇനങ്ങൾ വർദ്ധിപ്പിച്ച് ഉത്തരവാകുന്നു.

ആഭ്യന്തര(ബി)വകുപ്പ്

G.O.(Ms)No.196/2024/HOME തീയതി,തിരുവനന്തപുരം, 17-08-2024

പരാമർശം:-
1. 22.4.2014 ലെ സ.ഉ.(സാധാ)നം.1168/2014/ആഭ്യന്തരം
2. ആഭ്യന്തര (ജി)വകുപ്പിന്റെ 23.7.2024 ലെ ജി2/142/2024/ആഭ്യന്തരം നമ്പർ അനൗദ്യോഗിക കുറിപ്പ്
3. ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസസിന്റെ 24.7.2024 ലെ A3-22010/2024/PrHQ നമ്പർ കത്ത്

(A3) A 19/8/24 19/8/24

ഉത്തരവ്

സംസ്ഥാനത്തിന്റെ നോൺ ടാക്സ് റവന്യൂ, ഫീസ് ഇനങ്ങൾ തുടങ്ങിയവ കാലാനുസൃതമായി വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച സർക്കാർ നയത്തിന്റെ ഭാഗമായി ജയിൽ വകുപ്പിലെ പ്രസ്തുത ഇനത്തിൽപ്പെട്ട തുകകൾ വർദ്ധിപ്പിക്കുന്നതിന് പരാമർശം (3) പ്രകാരം ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് നിർദ്ദേശം സമർപ്പിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജയിൽ വകുപ്പിലെ ചുവടെ പറയുന്ന ഇനങ്ങളുടെ നിരക്കുകൾ നിലവിലെ വ്യവസ്ഥകൾക്ക് അനുസൃതമായി ചുവടെ ചേർക്കും പ്രകാരം ഉടനടി പ്രാബല്യത്തിൽ പുതുക്കി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമനമ്പർ | ഇനം | നിരക്ക് (രൂപയിൽ) |
|---|---|---|
| 1 | സിനിമ ചിത്രീകരണം (പ്രതിദിനം) | 80,000/-(എൺപതിനായിരം) |
| 2 | സീരിയൽ ചിത്രീകരണം (പ്രതിദിനം) | 40,000/-(നാല്പതിനായിരം) |
| 3 | ഡോക്യുമെന്ററി ചിത്രീകരണം (പ്രതിദിനം) | 20,000/-(ഇരുപതിനായിരം) |
| 4 | സിനിമ ചിത്രീകരണം - സെക്യൂരിറ്റി ഡെപ്പോസിറ്റ് | 2,00,000/-(രണ്ട് ലക്ഷം) |

| | | |
|---|---|---|
| 5 | സീരിയൽ ചിത്രീകരണം - സെക്യൂരിറ്റി ഡെപ്പോസിറ്റ് | 1,00,000/-(ഒരു ലക്ഷം) |
| 6 | ഡോക്യുമെന്ററി ചിത്രീകരണം- സെക്യൂരിറ്റി ഡെപ്പോസിറ്റ് | 40,000/-(നാല്പതിനായിരം) |
| 7 | നാശനഷ്ടങ്ങൾക്ക് | നഷ്ടത്തിന്റെ 150% |
| 8 | സിവിൽ തടവുകാരുടെ ഫീഡിംഗ് ചാർജ്ജ് (പ്രതിദിനം) | 50 (അൻപത്) |
| 9 | സിവിൽ തടവുകാരുടെ ബോർഡിംഗ് /ക്ളോത്തിംഗ് ചാർജ്ജ് (പ്രതിമാസം) | 100 (നൂറ്) |

3) ചിത്രീകരണ സമയം ജയിലിന്റെ സാധാരണ പ്രവർത്തനത്തിന് വിഷമം സൃഷ്ടിക്കുന്ന വിധമാകുന്നില്ല എന്നത് അതാത് ജയിൽ സൂപ്രണ്ടുമാരും ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസസും ഉറപ്പ് വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

BISHWANATH SINHA

ADDITIONAL CHIEF SECRETARY

ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസസ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ഓഡിറ്റ് ) കേരള , തിരുവനന്തപുരം
എല്ലാ ജയിൽ സൂപ്രണ്ടുമാർക്കും (ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് മുഖേന)
ആഭ്യന്തര (ജി)വകുപ്പ്
ഐ&പി.ആർ വകുപ്പ് ( ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ധനകാര്യ വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Jijimon R
സെക്ഷൻ ഓഫീസർ
Date: 17-08-2024 15:04:29

പകർപ്പ് :- മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്